**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1483** **14-03-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജീവനക്കാരുടെ കുറവുകൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | കടലാസ് രഹിത ഓഫീസ് എന്ന ആശയം മുൻനിർത്തി വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസുകളിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം എല്ലാ വില്ലേജുകളിലും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | വില്ലേജ് ഓഫീസിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | എച്ച്.ആർ.എം.എസ്. ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട് പ്രൊമോഷൻ ലഭിച്ച് മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് തിരിച്ച് സ്വന്തം ജില്ലകളിലേയ്ക്ക് നിയമനം ലഭിക്കാതെ ഒരു വർഷമായി ബുദ്ധിമുട്ടുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് പരിഹാരം കാണുമോ? | (സി) | റവന്യൂ വകുപ്പിലെ സ്ഥലം മാറ്റ പ്രക്രിയ ഓൺലൈൻ ആയി നടത്തുന്നതിന് മാനദണ്ഡങ്ങൾ പുനഃനിർണ്ണയിച്ചു കൊണ്ട് പുറപ്പെടുവിച്ച 30.07.2021 തീയതിയിലെ സ.ഉ.(സാധാ)2485/2021/റവ നമ്പർ ഉത്തരവ് ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.258/2021 നം. കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ വകുപ്പിലെ സ്ഥലം മാറ്റ നടപടികൾ തടസ്സപ്പെട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു: ട്രൈബ്യൂണലിന്റെ വിധിക്കനുസൃതമായി ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ